**SECOND PRE BOARD EXAMINATION (2019 - 20)**

**CLASS: X**

**Subject: MALAYALAM 2L** **Date: 19.01.2020**

Time allowed: 3 Hours. Maximum Marks: 80

General instructions:

(1) **All** questions are **compulsory**.
(2) Marks are indicated against each question.
(3) Please check that this question paper contains 10 printed pages only.
(4) Attempt all parts of question together.
(5) Please check that this question paper contains 7 questions.
(6) Please write down the Serial Number of the question before attempting it.
(7) The Question paper will be divided into four sections:

| | | | |
|---|---|---|---|
| Section A: Reading | (പാരായണം) | - | 10 Marks |
| Section B: Writing | (രചന) | - | 14 Marks |
| Section C: Grammar | (വ്യാകരണം) | - | 20 Marks |
| Section D: Literature | (സാഹിത്യം) | - | 36 Marks |

## എ - പാരായണവിഭാഗം

**1.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചിട്ട് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **5x2=10**

മലയാളത്തിലെ സാഹിത്യപ്രസ്ഥാനങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്ത് നോക്കിയാൽ അവയുടെ ആവിർഭാവം ഇവിടുത്തെ അപരിഷ്കൃതങ്ങളായ പഴയ അഭിനയ രീതികളിൽ നിന്നാണെന്ന് കാണാൻ പ്രയാസമില്ല. കേരളത്തിലെ മിക്ക

ജാതിക്കാരുടെയും ഇടയിൽ അവരവരുടേതായ ചില നൃത്ത സമ്പ്രദായങ്ങളും അവയ്ക്ക് യോജിച്ച ചില ഗാനരീതികളും ഇന്നും നിലവിലുണ്ട്. മനസംസ്കാരവും ശാസ്ത്രീയബോധവും വർദ്ധിച്ച് വരുന്നതോടുകൂടി അത്തരം അഭിനയങ്ങളും ഗാനരീതികളും പരിഷ്ക രിക്കപ്പെടുന്നതായും കാണാം. ഈ പരിഷ്കാരത്തിൽ നിന്നാണ് കല കൾ ജന്മമെടുക്കുന്നത്. "നൃത്തമാണ് സകല കലകളുടെയും മാതാവ്" എന്ന ചൊല്ലുണ്ടായത് ഇതുകൊണ്ടുതന്നെ ആയിരിക്കണം. സ്വമനസ്സി നെയും സ്വാനുഭവങ്ങളെയും ചമൽകൃത രൂപത്തിൽ പ്രദർശിപ്പി ക്കുന്നതാണ് കല. അത് വികാരപരവും സംസ്കാരാപേക്ഷവും ആകുവാനുള്ള കാരണം ഇതുതന്നെയാണ്. സംസ്കാരത്തിന്റെ സന്തതി യാണ് ചമൽക്കാരം. ഏതെങ്കിലും ഒരു അസംസ്കൃത വസ്തുവാണ് അവസാനം മനോഹരമായ ഒരു കലാസൃഷ്ടിയായി തീരുന്നതെങ്കിലും, കലാകാരന്റെ പ്രയത്നം കൊണ്ട് മാത്രമേ അതിന് കലാത്വം കൈ വരുന്നുള്ളൂ. എന്നാൽ കലാസൃഷ്ടിയുടെ പൂർവരൂപം കാണണമെങ്കിൽ ആ അസംസ്കൃത വസ്തുവിനെ തേടിപ്പിടിക്കുക തന്നെ വേണം. അർത്ഥരഹിതവും അപരിഷ്കൃതവുമായ കേവലനൃത്തമാണ് നടന കലയുടെ ഉത്ഭവസ്ഥാനം. മനുഷ്യവർഗത്തിൽ ആനന്ദാസക്തിയും സംസ്കാരവും വർധിച്ച് വന്നതോടുകൂടി നൃത്തം സ്വസ്ഥാനത്ത് നിന്ന് ഉയർന്ന് നൃത്യകലയുടെ പരിപൂർണത വരെ എത്തിച്ചേർന്നു. ഇങ്ങനെ അനുക്രമമായി രൂപാന്തരം പ്രാപിച്ചു വന്ന ചില പ്രാചീന നൃത്ത

രീതികളാണ് ഒടുവിൽ നമ്മുടെ തുള്ളൽ പ്രസ്ഥാനമായി വികസിച്ചത്.

<u>ചോദ്യങ്ങൾ</u>

(i) കലകൾ ജന്മമെടുക്കുന്നത് എങ്ങനെ?

(ii) കല വികാരപരവും സംസ്കാരാപേക്ഷവും ആകുവാനുള്ള കാരണമെന്താണ്?

(iii) കലാസൃഷ്ടിയുടെ കലാത്വം കൈവരുന്നതെങ്ങനെ?

(iv) നടന കലയുടെ ഉത്ഭവസ്ഥാനം എവിടെയാണ്?

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.

## ബി - രചനാവിഭാഗം

2\. (a) <u>ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.</u> 7

(i) പ്ലാസ്റ്റിക് നിർമാർജനം

(ii) ആഗോള സാമ്പത്തിക പ്രതിസന്ധി

(iii) യുവതലമുറയും ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനവും

(b) സൈബർ കുറ്റകൃത്യങ്ങളെ കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്ന പരമ്പര പ്രസിദ്ധീകരിച്ചതിനാൽ

പത്രാധിപരെ അനുമോദിച്ചുകൊണ്ട് <u>കത്ത്</u> തയ്യാറാക്കുക. 7

## <u>സി - വ്യാകരണവിഭാഗം</u>

3. 2x1=2

**(a)** <u>പ്രയോഗം മാറ്റുക</u>

**(i)** രാജാവിന്റെ ഈ വിലാപം കേട്ട ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി.

**(ii)** വെള്ളായിയപ്പൻ ഒരു പാറാവുകാരനാൽ തടവറയുടെ ഉള്ളറകളിലേക്ക് കൂട്ടിക്കൊണ്ട് പോകപ്പെട്ടു.

**(b)** <u>അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ച് എഴുതുക</u>. 2x1=2

**(i)** ചലച്ചിത്രഗാനങ്ങൾ പ്രക്ഷേപണം ചെയ്യുന്ന സമയത്ത് കേൾക്കുന്ന പാട്ട് തീരുന്നതുവരേയ്ക്കും അയാളുടെ പിറകേ ചിലരെങ്കിലും നടക്കുമായിരുന്നു.

**(i)** പ്രകൃതിയുടെ ആത്മാവിൽ നിന്നുയരുന്ന മൌനത്തിന്റെ മൊഴികൾ കേട്ടുകൊണ്ട് നടക്കുമ്പോൾ സെന്റ് പീറ്റേഴ്സ്ബർഗ് നഗരം പ്രപഞ്ചമായി വികസിച്ചു.

**(c)** <u>പിരിച്ചെഴുതി സന്ധി നിർണയിക്കുക.</u> 2x1=2

**(i)** നഷ്ടമാം

(ii) ദുർലഭം

**(d)** വിഗ്രഹിച്ച് സമാസം നിർണയിക്കുക 2x1=2

(i) കോട്ടകൊത്തളങ്ങൾ

(ii) അഭിമുഖം

(e) പര്യായപദങ്ങളെഴുതുക. 2x1=2

(i) തൂമ

(ii) ഘട്ടം

(f) നാനാർത്ഥപദങ്ങളെഴുതുക 2x1=2

(i) പദം

(ii) ഘനം

(g) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക. 2x1=2

(i) തന്നത്താൻ സ്വയം ചത്തും മാവിനെ കാത്തു രക്ഷിച്ച് പോന്ന നീറുകൾ എന്ന ചാവേറുപട കൊച്ചുചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെ എല്ലാം തോല്പിച്ച് ഓടിച്ചുകളഞ്ഞു.

(ii) അവയൊക്കെയേയും മൂടിക്കിടക്കുന്ന നിഗൂഢതയിൽ നിന്ന് നിശ്ശബ്ദവും ഏകാന്തവും നിശ്ചലം പ്രകാശപൂർണവുമായ അനശ്വരതയുടെ സങ്കീർത്തനം അയാൾ വായിച്ചു.

4. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക

**(a)** <u>വിപരീതപദമെഴുതുക.</u> **2x1=2**

**(i)** സംഗതി

(അസംഗതി, നിസംഗതി, വിസംഗതി, നിസ്സംഗത)

**(ii)** സുന്ദരം

(വികൃതം, മനോഹരം, വിരൂപം, സാരൂപ്യം)

**(b)** <u>അർത്ഥവ്യത്യാസം എഴുതുക</u>.

**2x1=2**

**(i)** ശേഷിക്കുക - ശോഷിക്കുക

(വളഞ്ഞത്, വിറയ്ക്കുക, മെലിയുക, ബാക്കിയാവുക)

**(ii)** നാളം - നീളം

(വീതി, നീണ്ടത്, നാക്ക്, ജ്വാല)

**(c)** <u>എതിർലിംഗമെഴുതുക</u>. **2x1=2**

**(i)** ചക്രവർത്തി

(ചക്രവർത്തകി, ചക്രവർത്തക, ചക്രവർത്തിനി, രാജ്ഞി )

**(ii)** മഹാൻ

( മഹതി, മഹിള, മഹാത്മ, മഹിഷി )

## <u>ഡി - സാഹിത്യവിഭാഗം</u>

**5. I** ബ്രാക്കറ്റിൽ നിന്നും ഉചിതമായ ഉത്തരം എടുത്തെഴുതുക. **4X½=2**

(a) "എത്രയും അല്പകാലസ്ഥിതമോർക്ക നീ" - ആരോട് പറയുന്നതാണിത്?

(ചാക്കുണ്ണിയോട്, ദിവാകരനോട്, ലക്ഷ്മണനോട്, നളിനിയോട്)

(b) ഞങ്ങളുടെ കൊച്ചുകിനാവുകൾ തേടിയലഞ്ഞ് മലർക്കളമെഴുതി കാത്തതാര്?

(മഹാബലി മന്നൻ, വൈലോപ്പിള്ളി ശ്രീധരമേനോൻ, കവികൾ, പനിനീർപുഷ്പം)

(c) വയലാർ രാമവർമയുടെ ഖണ്ഡകാവ്യം ഏത്?

(കന്നിക്കൊയ്ത്ത്, മുളങ്കാട്, ആയിഷ, സൗന്ദര്യലഹരി)

(d) "ആരതെന്നുടനറിഞ്ഞു കൌതുകം പാരമാർന്നു." - ആർക്കാണ് കൌതുകം ഉണ്ടായത്?

(ശ്രീരാമന്, നളിനിക്ക്, ദിവാകരന്, പുള്ളുവന്)

**5. II** **4X½=2**

(a) അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ ഇരുന്നതാര്?

(വെള്ളായിയപ്പൻ, മൌനത്തിന്റെ മൊഴികൾ, നെയ്യാമ്പലുകൾ, മഹാബലി മന്നൻ)

(b) കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നോവൽ അവാർഡിന് അർഹനായത് ആര്?

(പെരുമ്പടവം ശ്രീധരൻ, ഇ. സന്തോഷ് കുമാർ, എ . പി ഉദയഭാനു, കുട്ടിക്ക്യഷ്ണമാരാർ)

(c) കൌരവപക്ഷത്തെ അവസാനത്തെ സേനാപതി ആര്?

(അശ്വത്ഥാമാവ്, ധൃഷ്ടദ്യുമ്നൻ, കൃതവർമ്മാവ്, ദുര്യോധനൻ)

(d) 'എന്റെ പീഡാനുഭവങ്ങളെ സ്നേഹിക്കാൻ ഞാൻ പഠിച്ചു കഴിഞ്ഞു.' - ആരുടെ വാക്കുകളാണിത്?

(എ . പി ഉദയഭാനു, ദസ്തയേവ്സ്കി, ദുര്യോധനൻ, വെള്ളായിയപ്പൻ )

6. I <u>ഉത്തരമെഴുതുക</u> 3X4=12

1. "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ."

സന്ദർഭവും ആശയവും വിശദമാക്കുക.

2. മനുഷ്യവർഗത്തിന്റെ സന്തത സഹചാരിയാണ് സാഹിത്യകല. കോടാനുകോടി വർഷങ്ങൾ കൊണ്ട് നേടിയെടുത്തതാണ് ഇത്. പാഠഭാഗവുമായി ബന്ധപ്പെടുത്തി ആശയം വിശദമാക്കുക.

3. ആധുനിക ജീവിതത്തിൽ മാതാവിനെയും മാതൃഭാഷയെയും അവഗണിക്കുന്ന നേർക്കാഴ്ചയാണ് 'അമ്മയുടെ എഴുത്തുകൾ' എന്ന കവിത. കാവ്യഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.

**6.II** **3X4=12**

1. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ ആവിഷ്കാ-രത്തെ ലേഖകൻ തന്റെ കൃതിയിലൂടെ വിലയിരുത്തുന്നത് എങ്ങനെ? സമർഥിക്കുക.

2. 'ധാരാളം ആത്മക്ഷതങ്ങൾ ഏറ്റിട്ടുള്ള ആളാണെന്ന് ഇന്നാളൊരിക്കൽ പറഞ്ഞു. ഓർമ്മയുണ്ടോ?' ആരാണിങ്ങനെ ചോദിച്ചത്? സന്ദർഭം, ആശയം ഇവ വിശദമാക്കുക.

3. 'കടൽത്തീരത്ത്' എന്ന ശീർഷകത്തിന്റെ ഔചിത്യം എന്ത്? വിശദമാക്കുക.

**7.**

ഉത്തരമെഴുതുക. (ഏതെങ്കിലും രണ്ടെണ്ണം) **2X4=8**

1. ചട്ടമ്പിസ്വാമികളുടെ ഷഷ്ട്യബ്ദ പൂർത്തി ആഘോഷിച്ചത് എങ്ങനെ?

2. ചട്ടമ്പിസ്വാമികളും കുമ്പളത്ത് ശങ്കുപിള്ളയും തമ്മിലുള്ള ബന്ധം എപ്രകാരമായിരുന്നു? വിശദമാക്കുക.

3. 'ആട് കടിച്ചു നോക്കാത്ത ഇലയില്ല' എന്ന പഴമൊഴി ചട്ടമ്പി സ്വാമികളുടെ ജീവിതത്തിലൂടെ ലേഖകൻ വരച്ചു കാട്ടുന്നത് എങ്ങനെ?